"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - സമേതി ദിവസ വേതന ജീവനക്കാരുടെ സേവന കാലാവധി 25.03.2024 മുതൽ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.540/2024/AGRI തീയതി, തിരുവനന്തപുരം, 15-06-2024

പരാമർശം:-

1. സ.ഉ(സാധാ)നം. 1105/2022/കൃഷി തീയതി 14.12.2022 .
2. സ.ഉ(സാധാ)നം. 843/2023/കൃഷി തീയതി 23.08.2023.
3. സ.ഉ.(സാധാ) നം.1061/2023/കൃഷി തീയതി 04.11.2023.
4. കൃഷി ഡയറക്ടറുടെ 21.03.2024 തീയതിയിലെ ADFW/2971/2022-ATMA നമ്പർ കത്ത് .

**ഉത്തരവ്**

കൃഷി വകുപ്പിനു കീഴിലെ പരിശീലന കേന്ദ്രമായ സമേതിയിൽ പോളിഹൗസ് അസിസ്റ്റന്റ്, പോളി ഹൗസ് ലേബറർ, പാർട്ട് ടൈം സ്വീപ്പേഴ്സ്, ഗാർഡനർ, കെയർടേക്കർ, റൂം ബോയ്, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ താത്ക്കാലിക ജീവനക്കാരുടെ സേവന കാലാവധി യഥാക്രമം പരാമർശം (1), (2), (3) പ്രകാരം 01.10.2022, 29.03.2023, 24.09.2023 എന്നീ തീയതികൾ മുതൽ 179 ദിവസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. സമേതിയിലെ കർഷക ഭവനം, പൂന്തോട്ടം, പോളിഹൗസ് , കദളീവനം തുടങ്ങിയവ ഭംഗിയായും വൃത്തിയോടെയും പരിപാലിക്കാൻ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ ദിവസ വേതന ജീവനക്കാരുടെ സേവനം വളരെ ആവശ്യമാണെന്നും ടി ജീവനക്കാരുടെ സേവനകാലാവധി 25.03.2024 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി നീട്ടിനൽകണമെന്നും പരാമർശം (4) പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | ജീവനക്കാരുടെ പേര് | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | പോളി ഹൗസ് അസിസ്റ്റന്റ് | ശ്രീമതി. ജയകൃഷ്ണ | 07/07/2014 |
| 2 | പോളി ഹൗസ് ലേബറർ | ശ്രീ. ഇസ്രായേൽ | 01/04/2013 |
| 3 | പാർട്ട് ടൈം സ്വീപ്പർ | ശ്രീമതി. എം. സത്യഭാമ | 01/09/2011 |
| | | | |

| | | | |
|---|---|---|---|
| 4 | പാർട്ട് ടൈം സ്വീപ്പർ | ശ്രീമതി. എസ്. ശ്രീദേവി | 01/09/2011 |
| 5 | പാർട്ട് ടൈം സ്വീപ്പർ | ശ്രീമതി. ആർ. അനിത | 01/09/2011 |
| 6 | പാർട്ട് ടൈം സ്വീപ്പർ | ശ്രീ. ജി. ഷിജി | 04/08/2014 |
| 7 | ഗാർഡനർ | ശ്രീ. എച്ച്. ജയൻ | 01/10/2011 |
| 8 | ഗാർഡനർ | ശ്രീ. കെ. വസന്തൻ | 01/11/2011 |
| 9 | കെയർ ടേക്കർ | ശ്രീ. കെ. മോഹനകുമാരൻ നായർ | 19/03/2012 |
| 10 | റൂം ബോയ് | ശ്രീ. ആർ. ഗോപകുമാർ | 02/04/2012 |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമേതിയിൽ നിലവിൽ ജോലി ചെയ്തു വരുന്ന, മേൽ പട്ടിക പ്രകാരമുള്ള 10 കരാർ ജീവനക്കാരുടെ സേവനം, സേവനകാലാവധി തീരുന്നതിന്റെ തൊട്ടടുത്ത ദിവസം ഇടവേള നൽകി **25.03.2024** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, സമേതി, ആനയറ, തിരുവനന്തപുരം .
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/ആഡിറ്റ് II / എ&ഇ), തിരുവനന്തപുരം .
4. ധനകാര്യ (അഗ്രി-എ) വകുപ്പ് ( U.O(F) 2581279/Agri-A2/182/2023-Fin മുഖേന ).
5. വിവര പൊതുജനസമ്പർക്ക(ന്യൂ&വെബ് മീഡിയ) .
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി (AGRI-PA2/30/2024-AGRI ).

ഉത്തരവിൻ പ്രകാരം

Signed by
Megha R
സെക്ഷൻ ഓഫീസർ
Date: 15-06-2024 18:39:28